# പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നം. 426 – 29/01/2019-ലെ മറുപടിക്ക്

### കേന്ദ്ര ഗവൺമെന്റ് സാമ്പത്തിക സഹായം അനുവദിച്ച പദ്ധതികൾ

**ചോദ്യം** **ഉത്തരം**


ശ്രീ. അൻവർ സാദത്ത്

ഡോ. ടി. എം. തോമസ് ഐസക്
(ധനകാര്യവും കയറും വകുപ്പുമന്ത്രി)


| | ചോദ്യം | ഉത്തരം |
|---|---|---|
| എ | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ പ്രത്യേക സാമ്പത്തിക സഹായം അനുവദിച്ച് കിട്ടുന്നതിനായി കേന്ദ്ര സർക്കാരിൽ സമർപ്പിച്ച പദ്ധതികളുടെ വകുപ്പ് തിരിച്ചുള്ള വിശദാംശങ്ങൾ നൽകാമോ; | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രത്യേക സാമ്പത്തിക സഹായം അനുവദിക്കുന്നതിന് കേന്ദ്രസർക്കാരിൽ സമർപ്പിച്ച പദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.<br>**2017 ജനുവരി**<br>**(2017-18 ലെ കേന്ദ്ര ബജറ്റിൽ പരിഗണിക്കുന്നതിന് )** |
| ബി | ഇതിൽ ഏതെല്ലാം പ്രൊപ്പോസലുകൾ കേന്ദ്ര സർക്കാർ പരിഗണിക്കുകയും സഹായം അനുവദിക്കുകയും ചെയ്യുകയുണ്ടായി; വകുപ്പ് തിരിച്ച് പദ്ധതികൾക്ക് ലഭ്യമായ തുകയുടെ വിശദാംശങ്ങൾ നൽകുമോ? | 1. നോട്ട് നിരോധനം സംസ്ഥാനത്തിന്റെ വരുമാനത്തെ സാരമായി ബാധിച്ചതിനാൽ പൊതുവിപണിയിൽ നിന്നുള്ള കടമെടുക്കൽ പരിധി GSDP യുടെ 3% എന്നുള്ളത് 4% ആയി വർദ്ധിപ്പിക്കുക.<br>2. ദേശീയ തൊഴിലുറപ്പ് പദ്ധതിക്കു കീഴിൽ 100 തൊഴിൽ ദിനങ്ങൾ നല്കുന്നതിനാവശ്യമായ തുക അനുവദിക്കുക.<br>3. റബ്ബർ കർഷകർക്ക് റബ്ബറിന് താങ്ങു വില നല്കുന്നതിനാവശ്യമായ കേന്ദ്ര സഹായം അനുവദിക്കുക.<br>4. കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള കേന്ദ്ര വിഹിതവും സംസ്ഥാന പദ്ധതികൾക്കുള്ള കേന്ദ്ര സഹായവും വർദ്ധിപ്പിക്കുക.<br>5. FACT ഉൾപ്പെടെയുള്ള പൊതുമേഖലാ സ്ഥാപനങ്ങൾക്കുള്ള ധനസഹായം വർദ്ധിപ്പിക്കുക.<br>**2018 ജനുവരി**<br>**(2018-19 ലെ കേന്ദ്ര ബജറ്റിൽ പരിഗണിക്കുന്നതിന് )**<br>1. പൊതു വിപണിയിൽ നിന്നുള്ള സംസ്ഥാനത്തിന്റെ കടമെടുക്കൽ പരിധി GSDP യുടെ 3.5 ശതമാനമായി നിശ്ചയിക്കുക.<br>2. സംസ്ഥാനങ്ങൾക്കുള്ള കേന്ദ്ര നികുതി വിഹിതം എല്ലാ മാസത്തെയും ആദ്യ |

തീയതിയിൽ തന്നെ നൽകാനും GST നഷ്ടപരിഹാരം പ്രതിമാസം നൽകാനുമുള്ള നടപടികൾ സ്വീകരിക്കുക.

3. പതിനഞ്ചാം ധനകാര്യ കമ്മീഷൻ ശുപാർശകൾക്ക് 1971 ലെ ജനസംഖ്യാ വിവരങ്ങൾ ആധാരമാക്കുക.
4. മുൻ വർഷങ്ങളിൽ കേന്ദ്ര നികുതി വിഹിതത്തിൽ ഉണ്ടായിട്ടുള്ള കുറവിന് നഷ്ടപരിഹാരം നൽകുക.
5. കേന്ദ്രാവിഷ്കൃത പദ്ധതികളിൽ കേന്ദ്രവിഹിതം കുറഞ്ഞത് 75 % ആക്കുകയും ഈ വിഹിതം Utilization Certificate ന്റെ നിബന്ധന ഒഴിവാക്കി രണ്ടോ മൂന്നോ ഗഡുക്കളായി സംസ്ഥാനങ്ങൾക്ക് വിതരണം നടത്തുകയും ചെയ്യുക.
6. സാമൂഹ്യ സുരക്ഷാ, ക്ഷേമ പെൻഷനുകൾ കുറഞ്ഞത് 1000 രൂപയായി ഉയർത്തുക.
7. കിലോയ്ക്ക് 50 രൂപ നിരക്കിൽ കേന്ദ്ര സഹായത്തോടെ റബ്ബറിന്റെ നിലവിലെ താങ്ങുവിലയായ 150 രൂപ 200 രൂപയായി വർദ്ധിപ്പിക്കുക.
8. RSBY പദ്ധതിയിൽ ഒരു കുടുംബത്തിന് ഒരു വർഷം ലഭിക്കുന്ന സഹായം ഒരു ലക്ഷം രൂപയായി ഉയർത്തുക.
9. പ്രധാനമന്ത്രി ആവാസ് യോജന (Rural) ലെ സംസ്ഥാനത്തിലുള്ള 2022 വരെയുള്ള മുഴുവൻ കേന്ദ്രവിഹിതവും മുൻകൂറായി അനുവദിക്കുക.
10. സംസ്ഥാനത്ത് അന്താരാഷ്ട്ര ആയുർവേദ ഇൻസ്റ്റിറ്റൂട്ട് സ്ഥാപിക്കുക.
11. LNG അടിസ്ഥാനപ്പെടുത്തിയ ഒരു യൂറിയ പ്ലാന്റ് കേരളത്തിൽ തുടങ്ങാനുള്ള നിർദ്ദേശം ബജറ്റിൽ ഉൾപ്പെടുത്തുക.
12. കോയമ്പത്തൂർ വഴി ചെന്നൈ - ബാംഗ്ലൂരിൽ നിന്ന് കൊച്ചിയിലേയ്ക്ക് വ്യവസായിക ഇടനാഴി വികസിക്കുക.
13. Kerala Fibre Optic Network ന് വേണ്ടി ബജറ്റിൽ തുക വകയിരുത്തുക.
14. സംസ്ഥാനത്ത് AIMS സ്ഥാപിക്കുക.
15. Malabar Cancer Centre നെ കേന്ദ്ര സർക്കാരിന്റെ Rashtriya Arogyanidhi Programme -ൽ ഉൾപ്പെടുത്തുക.
16. അങ്കമാലി- ശബരി റെയിൽ പദ്ധതിക്കായി മതിയായ വിഹിതം ബജറ്റിൽ

| | | |
|---|---|---|
| | | വകയിരുത്തുക.<br>17. തിരുവനന്തപുരം - കാസർഗോഡ് ഇടനാഴി യഥാർത്ഥ്യമാക്കുന്നതിനുള്ള അനുമതി നൽകുകയും ബജറ്റിൽ മതിയായ തുക വകയിരുത്തുകയും ചെയ്യുക.<br>18. തലശ്ശേരി - മൈസൂർ പദ്ധതിക്കു വേണ്ടിയുള്ള 'Special Purpose Vehicle' ൽ KRDCL ന് തുല്യ പങ്കാളിത്തം നൽകുകയും ഈ പദ്ധതിയ്ക്കായി ബജറ്റിൽ മതിയായ തുക വകയിരുത്തുകയും ചെയ്യുക.<br>19. വിഴിഞ്ഞം - തൂത്തുക്കുടി തുറമുഖങ്ങൾ തമ്മിലുള്ള Rail- Road Connectivity ക്കുള്ള സാദ്ധ്യതാപഠനത്തിനും DPR തയ്യാറാക്കുന്നതിനും ആവശ്യമായ തുക ബജറ്റിൽ ഉൾപ്പെടുത്തുക.<br>20. വെസ്റ്റ് കോസ്റ്റ് കനാലിന്റെ വികസനം കേന്ദ്ര ബജറ്റിൽ ഉൾപ്പെടുത്തുക.<br><br>സംസ്ഥാനം സമർപ്പിച്ചിട്ടുള്ള മേൽ സൂചിപ്പിച്ച പദ്ധതികളിന്മേൽ കേന്ദ്ര സർക്കാർ ധനസഹായം അനുവദിച്ചിട്ടില്ല. എന്നാൽ, 2017 ലെ ഓഖിയുമായി ബന്ധപ്പെട്ട് 111.7 കോടി രൂപ കേന്ദ്ര സർക്കാർ അനുവദിച്ചിരുന്നു. കൂടാതെ, 2018-ലെ പ്രളയവുമായി ബന്ധപ്പെട്ട് 2904.85 കോടി രൂപ കേന്ദ്ര സർക്കാർ അനുവദിച്ചിരുന്നു. |

**സെക്ഷൻ ഓഫീസർ**